നം. D6-5065/18

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 8.6.2018
e-mail id swdkerala@gmail.com
Ph: 0471 2306040

# സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ഭിന്നശേഷിക്കാർക്ക് പത്താം ക്ലാസ് / പന്ത്രണ്ടാം ക്ലാസ് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി - സംബന്ധിച്ച്:

സൂചന:- സ.ഉ(ആർ.റ്റി)നം.304/2018/സാ.നീ.വ തീ: 24.5.18.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് പോകുവാനുള്ള ബുദ്ധിമുട്ട്, യാത്രാ മാർഗ്ഗങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധങ്ങളായ കാരണങ്ങളാൽ പഠനം പാതിവഴിയിൽ ഉപേക്ഷിച്ച ഭിന്നശേഷിക്കാരായ ധാരാളം പേർ സംസ്ഥാനത്തുണ്ട്. ഇത്തരത്തിൽ സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയവർക്ക് സാക്ഷരതാമിഷൻ നടപ്പാക്കുന്ന പത്താം ക്ലാസ് / പന്ത്രണ്ടാം ക്ലാസ് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള മുഴുവൻ ചെലവും വകുപ്പിൽ നിന്നും നൽകുന്ന പദ്ധതിയ്ക്ക് സൂചന പ്രകാരം ഭരണാനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിരിക്കുന്നു.

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരം നൽകുന്നതിനും ഇതോടൊപ്പം നൽകിയിട്ടുള്ള പദ്ധതി വിശദാംശങ്ങളിൽ വിവരിക്കുന്ന നിബന്ധനകൾക്കും, മാനദണ്ഡങ്ങൾക്കും വിധേയമായി അപേക്ഷകൾ ക്ഷണിച്ച് ജില്ലാ സാക്ഷരതാമിഷനുമായി ബന്ധപ്പെട്ട് ഗുണ ഭോക്താക്കളെ രജിസ്റ്റർ ചെയ്യുവാനും ആയതിലേക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും അറിയിക്കുന്നു.

ബന്ധപ്പെട്ട ജില്ലാ കാര്യാലയങ്ങളിൽ വേണ്ടത്ര അപേക്ഷകൾ ലഭ്യമായിട്ടില്ലായെങ്കിൽ സാക്ഷരതാമിഷൻ ജില്ലാതല ഓഫീസുമായി ബന്ധപ്പെട്ട് അർഹതപ്പെട്ട ഭിന്നശേഷിക്കാരുടെ അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

DB/18

# സാമൂഹ്യനീതി വകുപ്പ്

## ഭിന്നശേഷിക്കാർക്ക് പത്താം ക്ലാസ് / പ്ലസ് 2, തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

### അപേക്ഷാ ഫോറം

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര്, വിലാസം, ആധാർ നമ്പർ, ഫോൺ നമ്പർ സഹിതം | |
| 2. | അപേക്ഷകൻ സ്ഥിരതാമസമാക്കിയ പഞ്ചായത്ത് | |
| 3. | ജനന തീയതി, വയസ്സ് | |
| 4. | രക്ഷിതാവിന്റെ പേര്, വിലാസം, തൊഴിൽ, ഫോൺ നം. | |
| 5. | കുടുംബ വാർഷിക വരുമാനം (വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുക) | |
| 6. | വൈകല്യത്തിന്റെ സ്വഭാവം, ശതമാനം (സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കണം) | |
| 7. | വിദ്യാഭ്യാസ യോഗ്യത (സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കണം) | |
| 8. | തുല്യതാ പരീക്ഷ എഴുതുന്ന ക്ലാസ്സ് | |
| 9. | ഇതിനു മുമ്പ് തുല്യതാ പരീക്ഷക്ക് അപേക്ഷിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ വിശദ വിവരം | |
| 10. | ഇതിനു മുൻപ് തുല്യതാ പരീക്ഷ എഴുതുന്നതിന് സാമൂഹ്യനീതി വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ പരീക്ഷ എഴുതിയ വർഷം, ക്ലാസ്സ് | |

### അപേക്ഷകൻ നൽകുന്ന സത്യപ്രസ്താവന

മേൽ കാണിച്ച വിവരങ്ങൾ പൂർണ്ണമായും സത്യമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :　　　　　　　　　　　　　　　　　　പേര്:

തീയതി :　　　　　　　　　　　　　　　　　　ഒപ്പ് :

*Db/18/D6-5065/18*

## ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ തീരുമാനം

ശ്രീ / ശ്രീമതി. . . . . . . . . . . . . . . . . . . . . . . . . . . . . . . . ന് . . . . . . . . . . . . . . ക്ലാസിലേക്കുള്ള തുല്യതാ പരീക്ഷ എഴുതുന്നതിന് രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷാ ഫീസ്, അഡ്മിഷൻ ഫീസ് എന്നീ ഇനങ്ങളിൽ ഉൾപ്പെടുത്തി ആകെ . . . . . . . രൂപ സാക്ഷരതാ മിഷന് അനുവദിക്കുന്നതിന് ഉത്തരവാകുന്നു.

**തീയതി:** **ജില്ലാ സാമൂഹ്യനീതി ഓഫീസർ**

**കുറിപ്പ്:-**

1. ഭിന്നശേഷിക്കാർക്ക് SSLC, +1, +2 ക്ലാസുകളിലെ തുല്യത പരീക്ഷ എഴുതുന്നതിനുള്ള ധനസഹായം ഈ പദ്ധതി പ്രകാരം സാമൂഹ്യനീതി വകുപ്പ് നൽകുന്നതാണ്.
2. അപേക്ഷകൻ 40 ശതമാനമോ അതിനു മുകളിലോ വൈകല്യമുള്ളവരായിരിക്കണം.
3. തുല്യതാ പരീക്ഷാ എഴുതുന്നതിനുള്ള ഫീസ് സാക്ഷരതാ മിഷന് വകുപ്പ് നേരിട്ട് കൈമാറുന്നതാണ്.
4. ഈ അപേക്ഷാ ഫോറത്തോടൊപ്പം തുല്യതാ പരീക്ഷക്കുള്ള അപേക്ഷയും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്, വരുമാനം തെളിയിക്കുന്നതിന് BPL റേഷൻ കാർഡിന്റെ പകർപ്പ് / വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.
5. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്.
6. ഓരോ ക്ലാസ്സുകളിലും ഒറ്റത്തവണ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

# ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി

കേരളത്തിൽ 2015 ൽ നടത്തിയ ഭിന്നശേഷി സർവ്വേയിൽ 7,93,937 പേർ 22 തരം ഭിന്നശേഷി വിഭാഗത്തിൽ പെടുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭിന്നശേഷി പല വിധത്തിൽ ഉണ്ടാകുന്നു. ജന്മനാ വരാം ആക്സിഡന്റിലൂടെയും വരാം. പലപ്പോഴും ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസത്തിലായാലും തൊഴിൽ മേഖലയിലായാലും ഭിന്നശേഷിയില്ലാത്തവരുമായി തുലനം ചെയ്യുമ്പോൾ പിന്നോക്കമാണെന്ന് നമുക്ക് കാണാൻ കഴിയും. തൊണ്ണൂറ് ശതമാനം പേർക്കും പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിച്ചിട്ടില്ലാത്തവരാണെന്ന് നമുക്ക് കാണാൻ കഴിയും. വിദ്യാഭ്യാസ സ്ഥാപനത്തിലേക്ക് പോകാനുള്ള ബുദ്ധിമുട്ട്, യാത്രാ മാർഗ്ഗങ്ങളുടെ അപര്യാപ്തത തുടങ്ങി വിവിധങ്ങളായ കാരണങ്ങളാൽ പഠനം പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്നു. ഇത്തരത്തിൽ സ്കൂളിൽ നിന്നും കൊഴിഞ്ഞു പോയവർക്ക് സാക്ഷരതാ മിഷൻ വഴി നടപ്പാക്കുന്ന തുല്യത പരീക്ഷ എഴുതുന്നതിനുള്ള മുഴുവൻ ചെലവും നൽകുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണിത്.

## യോഗ്യതാ മാനദണ്ഡങ്ങൾ

1) ഭിന്നശേഷി 40% വും അതിനുമുകളിലും.
2) APL, BPL വ്യത്യാസമില്ലാതെ ധനസഹായം അനുവദിക്കുന്നു.

## ലക്ഷ്യങ്ങൾ

1) അംഗവൈകല്യം മൂലം വിദ്യാഭ്യാസ സ്ഥാപനത്തിൽ എത്തിപ്പെടാൻ കഴിയാത്തവർക്ക് തുല്യതാ പരീക്ഷയിലൂടെ വിദ്യാഭ്യാസം നേടാൻ സാധിക്കുന്നു.
2) വൈകല്യമുള്ളവർക്ക് വിദ്യാഭ്യാസം നേടുക വഴി സ്വയം പര്യാപ്തത ഉറപ്പു വരുത്തുന്നതിന് സാധിക്കുന്നു.

<u>കംപോണൻസ്</u>

I. പത്താംതരം തുല്യതാ കോഴ്സ്

| | | |
|---|---|---|
| a. രജിസ്ട്രേഷൻ ഫീസ് | - | 100 |
| b. കോഴ്സ് ഫീസ് | - | 1750 |
| c. പരീക്ഷ ഫീസ് | - | 500 |
| ആകെ | - | 2350/ ഒരാൾക്ക് |

II. ഹയർ സെക്കണ്ടറി തുല്യത കോഴ്സ് - ഒന്നാം വർഷം

| | | |
|---|---|---|
| a. രജിസ്ട്രേഷൻ & അഡ്മിഷൻ | - | 300 |
| b. കോഴ്സ് ഫീസ് | - | 1950 |
| c. പരീക്ഷ ഫീസ് | - | 700 |
| ആകെ | - | 2950/ ഓരാൾക്ക് |

III. ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് - 1950/- ഒരാൾക്ക്
രണ്ടാം വർഷം

ബഡ്ജറ്റ്

2018-19 സാമ്പത്തിക വർഷം 10- ാ ം ക്ലാസ് തുല്യതാ പരീക്ഷ് എഴുതുന്നതിന് ഒരാൾക്ക് 2350/- രൂപ വീതം (10 പേർക്ക്) ഒരു ജില്ലയ്ക്ക് 2350 x 10 = 23500/- രൂപയും +1 തുല്യതാ പരീക്ഷയ്ക്കായി ഒരാൾക്ക് 2950/- രൂപ വീതം (5 പേർക്ക്) ഒരു ജില്ലയ്ക്ക് 2950 x 5 = 14750/- രൂപയും +2 തുല്യതാ പരീക്ഷയ്ക്കായി ഒരാൾക്ക് 1950/- രൂപ വീതം (5 പേർക്ക്) ഒരു ജില്ലയ്ക്ക് 1950 x 5 = 9750/- രൂപയും ഉൾപ്പെടെ 14 ജില്ലകൾക്കായി ചുവടെ കാണും പ്രകാരം തുക അനുവദിക്കാവുന്നതാണ്.

| | | | | |
|---|---|---|---|---|
| 10- ാ ം ക്ലാസ് | - | 14x23500 | = | 3,29,000/- |
| +1 | - | 14x14750 | = | 2,06,500/- |
| +2 | - | 14x9750 | = | 1,36,500/- |
| | | **ആകെ** | **=** | **6,72,000/-** |

നടത്തിപ്പ്

a) അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ സാക്ഷരതാ മിഷൻ ഓഫീസുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭ്യമാക്കി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാവുന്നതാണ്.

b) ഓരോ ജില്ലയിലും ലഭിക്കുന്ന അപേക്ഷകൾ അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ക്രോഡീകരിച്ച് ആവശ്യമായ ഫണ്ടിന് ഡയറക്ടറേറ്റിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കണം.

c) തുക ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് BAMS വഴി നൽകുന്നു. ഈ തുക ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സാക്ഷരതാ മിഷനിലേക്ക് കൈമാറുന്നു.

d) അപേക്ഷകർ കോഴ്സ് പൂർത്തിയാക്കിയെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതും പരീക്ഷ സംബന്ധിച്ച കാര്യങ്ങളിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

e) ഓരോ വർഷവും വിജയിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് സാക്ഷരതാ മിഷനിൽ നിന്നും വാങ്ങി അപേക്ഷകർക്ക് നൽകേണ്ടതും, വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.